നാളിതുവരെ ഒരുകോടി പത്തൊൻപത് ലക്ഷത്തിൽപ്പരം ജനങ്ങളെ സ്ക്രീനിംഗിന് വിധേയമാക്കുകയും അതിൽ അഞ്ചര ലക്ഷത്തിലധികം പുതിയ രക്താതി സമ്മർദ്ദ രോഗികളെയും നാലരലക്ഷത്തിനു മുകളിൽ പുതിയ പ്രമേഹ രോഗികളെയും കണ്ടെത്തുകയുണ്ടായി. രണ്ട് ലക്ഷത്തോളം പേർക്ക് ഡയബറ്റീസും, രക്താതി സമ്മർദ്ദവും ചേർന്നുള്ളതായി കണ്ടെത്തി. ഇതിനു പുറമേ സ്കൂൾ വിദ്യാർത്ഥികൾക്കായി ആരംഭിച്ച ജീവിതശൈലീ രോഗബോധന നിയന്ത്രണ പദ്ധതി (എൽ.ഇ.എ.പി.)-യിലൂടെ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും, സ്ക്രീനിംഗും, യോഗ പരിശീലനവും നൽകുകയുണ്ടായി.

എൻ.സി.ഡി. പദ്ധതിയുടെ നേട്ടങ്ങൾ :

സ്ക്രീൻ ചെയ്ത രോഗികളുടെ മൊത്തം എണ്ണം	1,19,41,190 (ഒരു കോടി പത്തൊൻപത് ലക്ഷത്തി നാൽപത്തിയൊന്നായിരത്തി ഒരുനൂറ്റി തൊണ്ണൂറ്)
പുതിയ ഡയബറ്റിക് കേസുകൾ കണ്ടുപിടിച്ചത്	4,56,592 (നാല് ലക്ഷത്തി അൻപത്തി ആറായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ട്)
പുതിയ ഹൈപ്പർ ടെൻഷൻ കേസുകൾ കണ്ടുപിടിച്ചത്.	5,67,485 (അഞ്ച് ലക്ഷത്തി അറുപത്തി ഏഴായിരത്തി നാനൂറ്റി എൺപത്തിയഞ്ച്)
പുതിയ രക്താതി സമ്മർദ്ദവും പ്രമേഹവും കേസുകൾ	2,63,852 (രണ്ട് ലക്ഷത്തി അറുപത്തിമൂവ്വായിരത്തി എണ്ണൂറ്റി അൻപത്തി രണ്ട്)

(ഡി) ജീവിതശൈലീ രോഗങ്ങൾക്കായുള്ള മരുന്നുകളുടെ ലഭ്യത പ്രാഥമികാരോഗ്യ കേന്ദ്രതലം വരെയുള്ള ആശുപത്രികളിൽ ആരോഗ്യ വകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്.

സൗജന്യ ക്യാൻസർ ചികിത്സാ പദ്ധതി

22. (729) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ രോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുന്നതിന് ആനുപാതികമായി നിലവിലുള്ള ചികിത്സാ ക്രമീകരണങ്ങൾ പരിമിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിന് പരിഹാരമായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ;

(സി) കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും പര്യാപ്തമായ സൗകര്യങ്ങൾ എല്ലാ താലൂക്കിലെ ആശുപത്രികളിലും ക്രമീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുള്ള തുടർചികിത്സ ആവശ്യമായി വരുന്നതായ മിക്ക ക്യാൻസർ രോഗികൾക്കും സമ്പൂർണ്ണമായി സൗജന്യ ക്യാൻസർ ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

(ഇ) ഇങ്ങനെയുണ്ടാകുന്ന സാമ്പത്തിക ബാധ്യത കേന്ദ്ര സഹായത്തോടെ കണ്ടെത്തി ജീവകാരുണ്യപരമായി ഈ വിഷയം പരിഗണിച്ച് സമയബന്ധിതമായി ഇത്തരം പദ്ധതി നടപ്പിലാക്കാൻ ശ്രമമുണ്ടാകുമോ ?

ഉത്തരം

(എ&ബി) ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചിയിൽ സമഗ്രമായ ഒരു ക്യാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ആർ.സി.സി.-യെ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിയതുവഴി ക്യാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്. എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ ക്യാൻസർ ചികിത്സ ആരംഭിക്കുന്നതിനുള്ള പദ്ധതി 2013 മുതൽ തുടക്കമിട്ടു. ഈ പദ്ധതി 12 ജില്ലകളിൽ പ്രാവർത്തികമാക്കുകയും അർബുദ രോഗികൾക്ക് അവരുടെ ജില്ലയിൽത്തന്നെ തുടർ ചികിത്സ ലഭ്യമാക്കുന്നതിനും സാധിച്ചു ആരോഗ്യ വകുപ്പിൽ ക്യാൻസർ രോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്കും, നേഴ്സുമാർക്കും, റീജിയണൽ ക്യാൻസർ സെന്ററിൽ വിദഗ്ധ പരിശീലനം നൽകി ഈ യൂണിറ്റുകളിൽ വിന്യസിക്കുകയുണ്ടായി. നിലവിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുന്നതിനും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാഫി യൂണിറ്റ് ആരംഭിക്കുന്നതിനും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സാധിച്ചു. കൂടാതെ സുകൃതം എന്ന പേരിൽ 5 സർക്കാർ മെഡിക്കൽ കോളേജിനേയും, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനേയും മലബാർ ക്യാൻസർ സെന്ററിനും ഗവൺമെന്റ് ഹോസ്പിറ്റൽ എറണാകുളത്തിനേയും ഉൾപ്പെടുത്തി പുതിയ ഒരു ക്യാൻസർ രോഗ ചികിത്സാ പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്യാൻസർ ചികിത്സയുള്ള ജില്ലാ ക്യാൻസർ കെയർ പദ്ധതി എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രിയിൽ മാത്രമാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) നിർദ്ധനരായ രോഗികൾക്ക് (BPL ലിസ്റ്റിൽപ്പെട്ടവർക്ക്) മൂന്നുലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവ് സൗജന്യമാക്കിക്കൊണ്ട് 1-11-2014 മുതൽ സംസ്ഥാന സർക്കാർ സുകൃതം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ട്, ചിസ്+, തുടങ്ങിയ പദ്ധതികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കായി നിലവിലുണ്ട്.

(ഇ) തത്കാലം പരിഗണനയിലില്ല.

ആരോഗ്യ സാക്ഷരത

23 (730) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ സാക്ഷരതയിൽ കേരളം പിന്നിലാണെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ സാക്ഷരത വർദ്ധിപ്പിക്കുന്നതിനായി ആരോഗ്യ ബോധവൽക്കരണ പരിപാടി ഊർജ്ജിതമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഹോമിയോപ്പതിക് വകുപ്പിന് 2014-15 വാർഷിക പദ്ധതി പ്രകാരം ജില്ലാതലത്തിൽ ആരോഗ്യ ബോധവൽക്കരണത്തിനും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യ പ്രചരണത്തിനുമായി ഓരോ ജില്ലയ്ക്കും ഒരു ലക്ഷം രൂപ വീതം ജില്ലാ മെഡിക്കലോഫീസർമാർക്ക് നല്കുകയുണ്ടായി. പ്രസ്തുത ഫണ്ട് വിനിയോഗിച്ചുകൊണ്ട് ഓരോ ജില്ലയിലും ആരോഗ്യ ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പുകളും സെമിനാറുകളും ആരോഗ്യ പ്രചരണവും നടത്തിവരുന്നു. കൂടാതെ എം.ഡി.എ. പൾസ് പോളിയോ തുടങ്ങി പ്രത്യേക പരിപാടികൾ വരുമ്പോൾ പ്രത്യേകമായിട്ടുള്ള മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ് വിതരണം, വീടുകൾതോറും കയറി ബോധവൽക്കരണം എന്നിവ നടത്തിവരുന്നു. ഹോമിയോപ്പതി വകുപ്പിനുകീഴിലുള്ള ഓരോ ആശുപത്രിക്കും ഡിസ്പെൻസറിക്കും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും ഐ.ഇ.സി (ഇൻഫർമേഷൻ-എഡ്യൂക്കേഷൻ-കമ്മ്യൂണിക്കേഷൻ) സ്ഥാപനം ഒന്നിന് 5000 രൂപ വീതവും നല്കിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് ആരോഗ്യ സാക്ഷരത പരിഹരിക്കുന്നതിനും ആരോഗ്യ ബോധവൽക്കരണത്തിനുമായുള്ള പ്രവർത്തനങ്ങൾ ഓരോ ഹോമിയോപ്പതി സ്ഥാപനം മുഖേനയും നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala-Legislative Assembly